ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 19.06.2025** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന നിലമ്പൂർ നിയമസഭാ മണ്ഡലത്തിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു ; പോളിങ്ങ് ബൂത്തുകളിൽ വോട്ടർമാരുടെ നീണ്ടനിര ; പോളിങ്ങ് ശതമാനം 36 പിന്നിട്ടു.

**Voting is underway in the Nilambur Assembly constituency by-election. Long queues of voters visible at polling booths ; Polling crossed 36%.**

2. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ത്രിരാഷ്ട്ര പര്യടനം വിജയകരമായി പൂർത്തിയായി ; ആഗോള സമാധാനത്തിനുള്ള പ്രതിബദ്ധത ആവർത്തിച്ച് പ്രധാനമന്ത്രി.

**Prime Minister Narendra Modi's tri-nation tour concludes successfully ; PM calls for peaceful resolution of conflicts and condemns terrorism as the enemy of humanity.**

3. വടക്കൻ ഇറാനിൽ നിന്ന് ഒഴിപ്പിച്ച 110 ഇന്ത്യൻ വിദ്യാർത്ഥികളെ ന്യൂഡൽഹിയിൽ മടക്കിയെത്തിച്ചു ; ഇന്ത്യക്കാരുമായുള്ള മറ്റൊരു വിമാനവും ഇന്ന് മടങ്ങിയെത്തിയേക്കും.

**First rescue flight under Operation Sindhu, carrying 110 Indian students from Iran, lands in New Delhi ; Another flight carrying members of the Indian mission are expected to arrive today.**

4. ഇറാൻ-ഇസ്രയേൽ സംഘർഷം അതിരൂക്ഷമായി തുടരുന്നു ; സംഘർഷം എത്രയും വേഗം അവസാനിപ്പിക്കണമെന്ന് യു എൻ സെക്രട്ടറി ജനറൽ ആന്റോണിയോ ഗുട്ടറസ്സ്.

**Israel-Iran conflict intensifies as US military deployment in region increases ; UN Secretary General Antonio Guterres has reiterated his call for an immediate de-escalation of the Israeli-Iran conflict and for a ceasefire.**

5. അന്താരാഷ്ട്ര യോഗ ദിനത്തിനൊരുങ്ങി രാജ്യം ; രാജ്യത്തുടനീളം ഒരു ലക്ഷത്തിലധികം യോഗ പരിപാടികൾ മറ്റന്നാൾ സംഘടിപ്പിക്കും.

**The nation gears up for International Yoga Day ; Over one lakh yoga events will be organized across the country on June 21st.**

******************************

## NILAMBUR (INTRO)

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന നിലമ്പൂർ നിയമസഭാ മണ്ഡലത്തിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു. ഇതുവരെയുള്ള കണക്കുകൾ പ്രകാരം പോളിങ്ങ് നിരക്ക് 36 ശതമാനം പിന്നിട്ടു. പ്രതികൂല കാലാവസ്ഥയ്ക്കിടയിലും മികച്ച പ്രതികരണമാണ് ആദ്യ മണിക്കൂറുകളിൽ തന്നെ വോട്ടർമാരിൽ നിന്നും ലഭിക്കുന്നത്. നിരവധി രാഷ്ട്രീയ സംഭവ വികാസങ്ങൾക്ക് സാക്ഷ്യം വഹിച്ച ആവേശകരമായ പ്രചാരണത്തിൻറെ ഉത്സാഹം വോട്ടർമാരിലും പ്രകടമാണ്. മിക്ക പോളിങ്ങ് ബൂത്തുകളിലും വോട്ടർമാരുടെ നീണ്ട നിര കാണപ്പെടുന്നു. എൽഡിഎഫിൻറെ എം സ്വരാജ്, യുഡിഎഫിൻറെ ആര്യാടൻ ഷൗക്കത്ത്, എൻഡിഎയുടെ മോഹൻ ജോർജ്, സ്വതന്ത്ര സ്ഥാനാർത്ഥി പി.വി അൻവർ തുടങ്ങി 10 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്.

**നിലമ്പൂരിൽ നിന്നും തത്സമയ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു ചേരുന്നു.....**

1). വോട്ടിങ് 5 മണിക്കൂർ പിന്നിടുമ്പോൾ ജനങ്ങളിൽ നിന്നുള്ള പ്രതികരണം എങ്ങനെയാണ്? തുടക്കത്തിൽ തന്നെ ദൃശ്യമാകുന്ന ആവേശം വരും മണിക്കൂറിലും തുടരുമെന്നാണോ പോളിങ്ങ് ബൂത്തുകളിൽ നിന്നും ലഭിക്കുന്ന സൂചനകൾ?

(ഹോൾഡ്)

2) സ്ഥാനാർത്ഥികളിൽ നിന്നും ലഭിക്കുന്ന പ്രതികരണം എന്താണ്? എല്ലാവരും വിജയപ്രതീക്ഷയിലാണോ?

(ഹോൾഡ്)

****************************

## NILAMBUR 2

ഉപതിരഞ്ഞെടുപ്പിൻറെ ആദ്യമണിക്കൂറുകളിൽ തന്നെ പ്രമുഖ സ്ഥാനാർത്ഥികളെല്ലാവരും വോട്ട് രേഖപ്പെടുത്തി. എൽഡിഎഫ് സ്ഥാനാർത്ഥി എം സ്വരാജ്, GLPS മാങ്കുത്ത് വെസ്റ്റ് സ്കൂളിലെ 202-ാം ബൂത്തിലാണ് വോട്ട് ചെയ്തത്. യു.ഡി.എഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത് കുടുംബത്തോടൊപ്പം വീട്ടിക്കുത്ത് GLP സ്കൂളിലെ 184-ാം നമ്പർ ബൂത്തിൽ വോട്ട് രേഖപ്പെടുത്തി. എൻഡിഎ സ്ഥാനാർഥി മോഹൻ ജോർജ് ചുങ്കത്തറ മാർത്തോമാ ഹയർ സെക്കൻഡറി സ്കൂളിലെ 148-ാം നമ്പർ ബൂത്തിലെത്തിയാണ് വോട്ട് ചെയ്തത്.

****************************

## NILAMBUR BOOTH

നിലമ്പൂരിലെ 263 പോളിംഗ് ബൂത്തുകളിലായി 2 ലക്ഷത്തി 32 ആയിരത്തോളം വോട്ടർമാരാണ് ഇന്ന് സമ്മതിദാനാവകാശം വിനിയോഗിക്കുന്നത്. വനത്തിനുള്ളിലെ മൂന്ന് ബൂത്തുകൾ ഉൾപ്പെടെ 14 ക്രിട്ടിക്കൽ ബൂത്തുകളിൽ വൻ സുരക്ഷാ സംവിധാനമൊരുക്കിയിട്ടുണ്ട്. 11 പ്രശ്ന സാധ്യതാ ബൂത്തുകളും മണ്ഡലത്തിലുണ്ട്. എല്ലാ ബൂത്തുകളിലും വെബ്കാസ്റ്റിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. സുരക്ഷയ്ക്കായി 1200 പൊലീസ് ഉദ്യോഗസ്ഥരെയും കേന്ദ്ര സേനയെയും വിന്യസിച്ചിട്ടുണ്ട്.

****************************

## DAY. ASSEMBLY BYPOLLS

മറ്റ് സംസ്ഥാനങ്ങളിൽ ഇന്ന് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന നാല് നിയമസഭാ മണ്ഡലങ്ങളിലും വോട്ടെടുപ്പ് പുരോഗമിക്കുകയാണ്. ഗുജറാത്തിലെ വിസാവ്ദർ മണ്ഡലത്തിൽ 11 മണി വരെയുള്ള കണക്കുകൾ പ്രകാരം 28 ശതമാനവും, കഡി മണ്ഡലത്തിൽ 24 ശതമാനവും പോളിങ്ങ് രേഖപ്പെടുത്തി. പഞ്ചാബിലെ ലുധിയാന മണ്ഡലത്തിൽ 21 ശതമാനം പേർ ഇതിനകം വോട്ടു ചെയ്തു. പശ്ചിമബംഗാളിലെ കലിഗഞ്ച് മണ്ഡലത്തിൽ 31 ശതമാനമാണ് പോളിങ്ങ്. നിലമ്പൂർ ഉൾപ്പെടെ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന അഞ്ച് മണ്ഡലങ്ങളിലും തിങ്കളാഴ്ചയാണ് വോട്ടെണ്ണൽ. വോട്ടെണ്ണൽ ദിനത്തിലേക്കായി കൗണ്ടിംഗ് സ്റ്റേഷനായ ചുങ്കത്തറ മാർത്തോമാ ഹയർ സെക്കൻഡറി സ്കൂളിൽ 14 ഇവിഎം കൗണ്ടിംഗ് ടേബിളുകളും 5 പോസ്റ്റൽ ബാലറ്റ്/സർവീസ് വോട്ട് കൗണ്ടിങ് ടേബിളുകളും സജ്ജീകരിക്കും

****************************

## PM CROATIA (INTRO)

ക്രൊയേഷ്യ, സൈപ്രസ്, കാനഡ സന്ദർശനങ്ങൾ വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിലേക്ക് മടങ്ങി. സന്ദർശനത്തിൻറെ മൂന്നാം പാദത്തിൽ, ഇന്നലെ ക്രൊയേഷ്യയിലെത്തിയ പ്രധാനമന്ത്രി ഉഭയകക്ഷി ബന്ധം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ഉന്നതതല ചർച്ചകളിൽ പങ്കെടുത്തു. ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ബാൾക്കൻ രാജ്യമായ ക്രൊയേഷ്യ സന്ദർശിക്കുന്നത്. ആഗോളസമാധാനം, ജനാധിപത്യ മൂല്യങ്ങൾ എന്നിവയ്ക്കായി യോജിച്ചു പ്രവർത്തിക്കുമെന്ന് ക്രൊയേഷ്യൻ പ്രധാനമന്ത്രി ആന്ദ്രേ പ്ലെങ്കോവിച്ചുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം ഇരുനേതാക്കളും വ്യക്തമാക്കി. ക്രൊയേഷ്യയിൽ യോഗയ്ക്ക് ലഭിക്കുന്ന വർദ്ധിച്ച സ്വീകാര്യതയെ ശ്രീ മോദി പ്രശംസിച്ചു.

(ഹോൾഡ്)

****************************

## OPERATION SINDHU

വടക്കൻ ഇറാനിൽ നിന്ന് ഒഴിപ്പിച്ച 110 ഇന്ത്യൻ വിദ്യാർത്ഥികളെയും വഹിച്ചുകൊണ്ടുള്ള ആദ്യ വിമാനം ഇന്ന് പുലർച്ചെ ന്യൂഡൽഹിയിലെത്തി. ഇറാൻ-ഇസ്രയേൽ സംഘർഷം അയവില്ലാതെ തുടരുന്ന സാഹചര്യത്തിലാണ്, ഇറാനിൽ നിന്ന് പൗരന്മാരെ ഒഴിപ്പിക്കാൻ ഇന്ത്യ ഓപ്പറേഷൻ സിന്ധു ആരംഭിച്ചത്. ഈ മാസം 17 ന് തന്നെ വിദ്യാർത്ഥികളെ എംബസി കരമാർഗം അർമേനിയയിൽ എത്തിച്ചിരുന്നു. ഇന്ത്യക്കാരുമായുള്ള മറ്റൊരു വിമാനവും ഇന്ന് മടങ്ങിയെത്തുമെന്ന് പ്രതീക്ഷിക്കുന്നതായി വിദേശകാര്യ സഹമന്ത്രി കീർത്തിവർദ്ധൻ സിങ്ങ് അറിയിച്ചു. 350 പേരാണ് മടങ്ങിയെത്തുന്നതിനായി ഇതുവരെ അപേക്ഷ നൽകിയതെന്നും മന്ത്രി പറഞ്ഞു.

****************************

## ISRAEL-IRAN CONFLICT

ഇറാൻ- ഇസ്രയേൽ സംഘർഷം കൂടുതൽ രൂക്ഷമായ നിലയിൽ തുടരുകയാണ്. ടെഹ്റാനും മറ്റ് പ്രധാന നഗരങ്ങളും ലക്ഷ്യമിട്ട് ഇസ്രയേൽ ഇന്നലെ നടത്തിയ മൂന്ന് വ്യോമാക്രമണങ്ങളിൽ നിരവധിപേർക്ക് ജീവൻ നഷ്ടമായി. ഇറാൻ പോലീസ് ആസ്ഥാനം ലക്ഷ്യമാക്കിയായിരുന്നു ആക്രമണം. 600-നടുത്ത് ആളുകൾ മരിച്ചതായും 1300-ലേറെപ്പേർക്ക് പരിക്കേറ്റതായുമാണ് ഇറാനിൽ നിന്നുള്ള കണക്കുകൾ. ആയിരക്കണക്കിനാളുകൾ ആക്രമണം നടക്കുന്ന മേഖലകളിൽ നിന്ന് ഒഴിഞ്ഞുപോയിട്ടുണ്ട്. അതേസമയം ഇസ്രയേൽ-ഇറാൻ സംഘർഷം പരിഹരിക്കാൻ മധ്യസ്ഥതയ്ക്ക് തയ്യാറാണെന്ന് റഷ്യ അറിയിച്ചു. ഇറാൻ, ഇസ്രായേൽ, അമേരിക്ക എന്നീ രാജ്യങ്ങളുമായി ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പങ്കുവെച്ചതായും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ പറഞ്ഞു.

*****************************

## UN ON ISRAEL-IRAN

ഇസ്രായേൽ-ഇറാൻ സംഘർഷം എത്രയും വേഗം അവസാനിപ്പിക്കണമെന്ന് ആവർത്തിച്ച് യു എൻ സെക്രട്ടറി ജനറൽ ആന്റോണിയോ ഗുട്ടറസ്സ്. സംഘർങ്ങൾ കൂടുതൽ രൂക്ഷമാകുന്നതിൽ അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. സംഘർഷം അന്താരാഷ്ട്രതലത്തിലേക്ക് കൂടുതൽ വ്യാപിപ്പിക്കരുതെന്നും ആന്റോണിയോ ഗുട്ടെറസ്സ് അഭ്യർത്ഥിച്ചു. കൂടുതൽ സൈനിക ഇടപെടലുകൾ മേഖലയിലും അന്താരാഷ്ട്ര സമാധാനത്തിനും ഗുരുതര പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നും യു എൻ സെക്രട്ടറി ജനറൽ മുന്നറിയിപ്പ് നൽകി. ഇറാൻ ഇസ്രയേൽ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഐക്യരാഷ്ട്ര രക്ഷാസമിതി നാളെ ന്യൂയോർക്കിൽ അടിയന്തര യോഗം ചേരും.

*****************************

## GRATUITY BENEFITS

ഏകീകൃത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട കേന്ദ്ര സർക്കാർ ജീവനക്കാർക്ക് പഴയ പെൻഷൻ പദ്ധതി പ്രകാരമുള്ള ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ അനുവദിച്ച് കേന്ദ്രസർക്കാർ. യുപിഎസ് പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് വിരമിക്കുമ്പോഴും, സർവീസിലിരിക്കെ മരിച്ചാലും ഒപിഎസ് പ്രകാരമുള്ള ഗ്രാറ്റുവിറ്റി ലഭിക്കുമെന്ന് വ്യക്തമാക്കി കേന്ദ്ര പേർസണൽ മന്ത്രാലയത്തിന് കീഴിലെ പെൻഷൻ വകുപ്പ് ഉത്തരവിറക്കി. ജീവനക്കാരുടെ ദീർഘനാളത്തെ ആവശ്യമാണിതെന്നും ഇതോടെ വിരമിക്കൽ ആനുകൂല്യങ്ങളിൽ സമത്വം സാധ്യമാകുമെന്നും കേന്ദ്രമന്ത്രി ജിതേന്ദ്രസിങ്ങ് പറഞ്ഞു.

****************************

## INTERNATIONAL YOGA-DAY

അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച്, ജൂൺ 21ന് ഭൂമിക്കും ഏകാരോഗ്യത്തിനും യോഗ എന്ന പ്രമേയത്തിൽ രാജ്യത്തുടനീളം ഒരു ലക്ഷത്തിലധികം യോഗ പരിപാടികൾ ആയുഷ് മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ സംഘടിപ്പിക്കും. രാവിലെ 6:30 മുതൽ 7:40 വരെ ആയിരിക്കും പരിപാടികൾ. ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും.

****************************

## PLANE CRASH UPDATE

അഹമ്മദാബാദ് വിമാന അപകടത്തിൽ മരിച്ചവരിൽ 210 പേരെ ഡി എൻ എ പരിശോധനയിലൂടെ തിരിച്ചറിഞ്ഞു. 187 മൃതദേഹങ്ങൾ ബന്ധുക്കൾക്ക് കൈമാറിയതായി ഗുജറാത്ത് ആരോഗ്യമന്ത്രി ഋഷികേശ് പട്ടേൽ അറിയിച്ചു.

****************************

## QS RANKINGS – IIT DELHI TOPS

QS വേൾഡ് യൂണിവേഴ്സിറ്റി റാങ്കിങ് പട്ടികയിൽ ഇന്ത്യയിലെ 54 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇടം നേടി. I I T ഡൽഹിയാണ് ഇന്ത്യയിൽ നിന്നും ഒന്നാം സ്ഥാനത്തെത്തിയത്. ആഗോളതലത്തിൽ കഴിഞ്ഞ തവണത്തെ 150-ാം സ്ഥാനത്തായിരുന്ന I I T ഡൽഹിക്ക് നിലവിൽ 123-ാം റാങ്കാണുള്ളത്. ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മികവാണ് ഇത് സൂചിപ്പിക്കുന്നതെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ സമൂഹമാധ്യമത്തിൽ കുറിച്ചു.

*****************************

## SEBI-NEW REFORMS

രാജ്യത്തെ സാമ്പത്തിക വിപണി കൂടുതൽ കാര്യക്ഷമവും നിക്ഷേപക സൗഹൃദവുമാക്കി മാറ്റുന്നതിന് സുപ്രധാന പരിഷ്കാരങ്ങൾ പ്രഖ്യാപിച്ച് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ. സെബി അധ്യക്ഷൻ തുഹിൻ കാന്ത പാണ്ഡെയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിലാണ് തീരുമാനം . കൂടുതൽ ദീർഘകാല വിദേശനിക്ഷേപ സമാഹരണത്തിനായി സർക്കാർ ഓഹരികളിൽ നിക്ഷേപം നടത്തുന്ന വിദേശ നിക്ഷേപകർക്കുള്ള നിയമങ്ങളിലും സെബി ഇളവ് വരുത്തി.

************************************************************************************
*